## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 856 — 25.01.2018-ൽ മറുപടിക്ക്

### ആദിവാസികൾക്ക് ആർ.ഡി.ആറിനു പകരം റവന്യൂ പട്ടയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ആദിവാസികൾക്ക് ആർ.ഡി.ആറിനു പകരം റവന്യൂ പട്ടയം നൽകാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | എ) | ആദിവാസി ജനവിഭാഗത്തിന്റെ കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് 10.04.2017 തീയതിയിൽ ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ 01.01.1977-ന് മുൻപ് വനഭൂമി കൈയ്യേറി ഭൂമി കൈവശം വച്ചുവരുന്ന ഇതര വിഭാഗങ്ങൾക്ക് പട്ടയം അനുവദിക്കുകയും, പട്ടികവർഗ്ഗക്കാരുടെ ഭൂമിക്ക് കൈവശരേഖ മാത്രമോ, രേഖകളൊന്നും നൽകാതിരിക്കുകയോ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർ കൈവശം വച്ചുവരുന്നതും പതിവ് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതുമായ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനും, അപ്രകാരമുള്ള കേസുകളിൽ ഇതിനകം കൈവശരേഖ അനുവദിച്ചിട്ടുണ്ടെങ്കിൽ തന്നെ ആയത് റദ്ദ് ചെയ്ത്, പട്ടയം അനുവദിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1993-ലെ കേരള ഭൂപതിവ് (01.01.1977-ന് മുൻപ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2 (എഫ്) ലെ നിർവ്വചനത്തിന്റെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ച് വരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിക്ക് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദിക്കുന്നതിന് നിർദ്ദേശം നൽകി 27.04.2017-ലെ സ.ഉ.(സാധാ)/2023/2017/റവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| ബി) | ഭരണതലത്തിൽ ആയതിനായി രൂപീകരിച്ച ഉദ്യോഗസ്ഥസംവിധാനം സംബന്ധിച്ച് വിശദമാക്കാമോ? | ബി) | റവന്യൂ വകുപ്പ് മുഖേനയാണ് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ